## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1024** **28.04.2017 ൽ മറുപടിയ്ക്ക്**

**പത്തനംതിട്ട പെരുമ്പെട്ടി വില്ലേജ് നിവാസികൾക്ക് പട്ടയം**

**ചോദ്യം**
**ശ്രീ.പി.കെ. ബഷീർ**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | പത്തനംത്തിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിൽ പെരുമ്പെട്ടി വില്ലേജിൽ വനവുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ അർഹതപ്പെട്ട ധാരാളം പേർക്ക് പട്ടയം ലഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നിലവിൽ പ്രസ്തുത പ്രദേശത്തോ ചുറ്റുമുള്ള പ്രദേശങ്ങളിലോ വനവുമായി അതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ എത്ര പേർക്ക് പട്ടയം നല്കിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) വലിയകാവ് റിസർവ്വ് ഫോറസ്റ്റിൽ ഉൾപ്പെട്ട സ്ഥലത്തുനിന്നും 402 പേർക്ക് കൈവശരേഖ നൽകിയുട്ടുള്ളതാണ്. ആർക്കും പട്ടയം നൽകിയിട്ടില്ല. |
| (സി) | ആയത് സംബന്ധിച്ച് താലൂക്ക്-വില്ലേജ് അടിസ്ഥാനത്തിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (സി) പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിൽ പെരുമ്പെട്ടി വില്ലേജിൽ വലിയകാവ് റിസർവ് വനത്തിന്റെ ഭാഗമായ 111.17.75 ഹെക്ടർ സ്ഥലത്ത് വർഷങ്ങളായി കുടിയേറി പാർത്തുവരുന്ന 402 പേർക്ക് കൈവശാവകാശ രേഖ നല്കിയിട്ടുണ്ട്. ആർക്കും പട്ടയം നൽകിയിട്ടില്ല. |
| (ഡി) | പ്രസ്തുത പ്രദേശത്ത് അർഹതപ്പെട്ട എല്ലാവർക്കും പട്ടയം നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ഡി) റിസർവ്വ് വനമായി രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലങ്ങൾക്ക് പട്ടയം നൽകുന്നതിന് കേന്ദ്ര ഗവൺമെന്റ് അനുമതി ആവശ്യമുള്ളതാണ്. |

സെക്ഷൻ ഓഫീസർ